# സ്വസ്തി

IMMACULATE CONCEPTION CHURCH MANJUMMEL
Ave Maria

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2023 നവംബർ - ഡിസംബർ




## പുതു വർഷം
## പുതിയ ചിന്തകൾ

# തിരുനാൾ ദിനങ്ങളിലൂടെ...













# വേർപാടിന്റെ...

**10 വർഷങ്ങൾ**



**കെ.പി. ലാസർ**

കൊല്ലംപറമ്പിൽ

ജനനം: 16 - 02 - 1927

മരണം: 25 - 01 - 2014



**6 മാസങ്ങൾ**



**വിരോണി ലാസർ**

കൊല്ലംപറമ്പിൽ

ജനനം: 15- 03- 1938

മരണം: 23- 07- 2023




# സ്വസ്തി

2023 നവംബർ– ഡിസംബർ


രക്ഷാധികാരി

**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ

**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ

**ഫിലോമിന ജോഷി**

പത്രാധിപസമിതി

**ജോസ് ഡിക്സൺ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, അഡ്വ. ജെഫ്രിൻ മാനുവൽ,**
**എബി റോഷിൻ, ഷാൾട്ടൻ കൊറയ,**
**ബെറ്റ്സി ബിജു, ജോയൽ ജോണി**

ഉപദേശക സമിതി

**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൺ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)


## അകത്താളുകളിൽ


എഡിറ്റോറിയൽ
ഇടയമൊഴി
പടവുകൾ താണ്ടിയ പാഠങ്ങൾ
വിൽപത്രം
തീരുമാനം
ഇടവക വാർത്തകൾ





Layout : **L.F. Press, Manjummel.**
Cover Design: **Shalton Correya Poovathumparambil**






## എഡിറ്റോറിയൽ

# മൈത്രിയുടെ കാലം പുലരട്ടെ

ആരാധനാലയങ്ങൾ മതമൈത്രിയുടെ പ്രതീകങ്ങളായാണ് പലപ്പോഴും മാനവർക്ക് അനുഭവവേദ്യമായത്. ഇന്ത്യ പോലുള്ള സംസ്കാരബാഹുല്യമുള്ള നാട്ടിൽ സഹിഷ്ണുതയുടെ സംസ്കാരവും ഒപ്പം പുഷ്കലമായി പുലർന്നുപോന്നു എന്നതിന്റെ സജീവ ഉദാഹരണങ്ങളാണ് ദേവാലയങ്ങൾ.

അക്ബർ ചക്രവർത്തി സൗജന്യമായി നൽകിയ ഭൂമിയിലാണ് ആഗ്രയിലെ ധർമപുരിയിലെ കത്തീഡ്രൽ പള്ളി ഇന്ന് നിലനിൽക്കുന്നത്. പള്ളി വിസ്തൃതമാക്കാൻ പണം നൽകി സഹായിച്ചത് അക്ബറിന്റെ പിൻഗാമി ജഹാംഗീർ ചക്രവർത്തിയും. ശബരിമലയിലേക്കുള്ള പേട്ടതുള്ളൽ സംഘവും തീർഥാടകരും വാവര് പള്ളി വലംവച്ചാണ് മുന്നോട്ടുപോകുന്നത്.

കാഞ്ഞൂർ പള്ളിയിൽ പ്രദക്ഷിണം ഇറങ്ങുമ്പോൾ തൊട്ടടുത്ത ക്ഷേത്രത്തിനു മുകളിൽ കൃഷ്ണപ്പരുന്ത് വട്ടമിട്ടു പറക്കും എന്ന് സാക്ഷ്യം നൽകുന്നത് മതഭേദമെന്യേ ആ നാട്ടുകാരാണ്. വല്ലാർപാടം പള്ളി ശതാബ്ദി ആഘോഷങ്ങൾക്ക് അഭിവന്ദ്യ വരാപ്പുഴ മെത്രാപോലീത്ത തുടക്കം കുറിച്ചപ്പോൾ സമീപത്ത് പാലിയം ട്രസ്റ്റ് മാനേജർ കൃഷ്ണബാലൻ സന്നിഹിതനായിരുന്നതിന്റെ ചരിത്രം നമുക്കറിയാം.

ആയിരത്തി നാനൂറ് വർഷം പാരമ്പര്യം അവകാശപ്പെടുന്ന ഇടപ്പള്ളി ദേവാലയത്തിന് സ്ഥലം വിട്ടുകൊടുത്തത് എളങ്ങല്ലൂർ സ്വരൂപം എന്ന ഇടപ്പള്ളി രാജാക്കന്മാരായിരുന്നു. സാഹോദര്യത്തിന്റെയും മതമൈത്രിയുടെയും കേന്ദ്രങ്ങളായി ദേവാലയങ്ങൾ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അനുഭവമാണ് നമ്മെ സമ്പന്നമാക്കുന്നത്. എന്നാൽ മതം അധികാരത്തിലേക്കുള്ള കുറുക്കുവഴിയാക്കാൻ ശ്രമിക്കുന്നവർ രംഗപ്രവേശം ചെയ്തതോടെയാണ് മതാത്മകതയ്ക്കും അതിന്റെ മൂല്യങ്ങൾക്കും വിലകൽപിക്കാതായത്. വിശ്വാസികളെ തങ്ങളുടെ അധികാരപ്പല്ലക്കിന്റെ ചുമട്ടുകാരായി മാത്രം കാണുന്നവർ കലാപങ്ങൾ ഉപായങ്ങളാക്കി തന്ത്രം തുടരുന്നു.

ആ തന്ത്രം സ്വയമേവ കണ്ടറിയുക എന്നതാണ് അവശേഷിക്കുന്ന ഏകബദൽ!

**ജയ്സൺ റ്റി. ജോൺ**, ചീഫ് എഡിറ്റർ





# ഇടയമൊഴി

**കാ**റ്റുപിടിച്ച കടലിന്റെ ശബ്ദത്തിനപ്പുറം ശാന്തമായ കടൽത്തീരത്ത്, മണൽപ്രതിമകൾ തീർത്ത, കുട്ടികളുടെ നിഷ്കളങ്കതയും, ഓർമകളുടെ ആൽത്തറയിൽ നിന്നു പഴുത്തുകൊഴിഞ്ഞുവീണ ഓരോ ഇലയും, നമ്മുടെ ജീവിതത്തിന്റെ വില അടയാളപ്പെടുത്തുന്നു. അനുഭവങ്ങളുടെ നനുത്ത പട്ടിൽ നെയ്തെടുത്ത പുതുവസ്ത്രം ധരിച്ച് പുതുവർഷത്തിലേക്ക് കടന്നുപോകുമ്പോൾ കഴിഞ്ഞ വർഷത്തെ താങ്ങിവച്ച അദൃശ്യ കരങ്ങൾക്ക് നന്ദിപറയാം.

പുതുവർഷത്തിന്റെ മുന്നിൽ മിഴിയുന്നത് ശൂന്യമായ ഒരു കടലാസ് ആവണം, നിങ്ങളുടെ സ്വപ്നങ്ങളുടെ നിറങ്ങൾ നിറയ്ക്കാൻ കാത്തിരിക്കുന്ന കടലാസ്. ഭയമില്ലാതെ എഴുതൂ. തെറ്റ് വന്നാൽ മായിച്ചു കളഞ്ഞ് തിരുത്തൂ. കാരണം ഈ പുതിയ തുടക്കത്തിന് വില നമ്മുടെ ധൈര്യവും സ്നേഹവുമാണ്.

ഈ വർഷം സ്വയം സ്നേഹിക്കാനും, പ്രതീക്ഷയുടെ വിത്തുകൾ വിതയ്ക്കാനും, ചിരിയുടെ പുഴകൾ ഒഴുക്കാനും കൂടുതൽ ശ്രദ്ധിക്കാം.

ഏവർക്കും പുതുവർഷാശംസകൾ.....!

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.,**
വികാരിയച്ചൻ





## ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ...

മഞ്ഞുമ്മൽ കർമലീത്താസഭയുടെ പാലകനായ വി. പത്താംപീയൂസ് മാർപാപ്പ ആയിരിക്കെ സഭയെ ക്രിസ്തുവിൽ നവീകരിച്ച വിശുദ്ധനാണ്, സഭയിലെ ആരാധനാക്രമം നവീകരിച്ചതോടൊപ്പം തിരിച്ചറിവായ കുട്ടികൾക്ക് ദിവ്യകാരുണ്യം സ്വീകരിക്കാനും പതിവായ ദിവ്യകാരുണ്യ സ്വീകരണത്തിനായുള്ള വഴിതുറന്നതും വി. പത്താംപീയൂസാണ്.

ഈ പുതുവർഷത്തിൽ നമ്മുടെ ഇടവകയും നവീകരിക്കാം. അതോടൊപ്പം നമ്മുടെ ഇടവക ദേവാലയവും നവീകരിക്കപ്പെടുകയാണ്. കടന്നുവരുന്ന കുടുംബ യൂണിറ്റ് വാർഷികങ്ങളും ഇടവകദിനവുമെല്ലാം ഒരു കുടുംബമെന്ന നിലയിൽ നമ്മെ നവീകരിക്കട്ടെ.

2 കൊറിന്തോസ് 5:17

“ക്രിസ്തുവിൽ ആയിരിക്കുന്നവർ പുതിയ സൃഷ്ടിയാണ്. പഴയതുകടന്നു പോയി. ഇതാ പുതിയതുവന്നുകഴിഞ്ഞു.” കടന്നുപോയ കാലങ്ങളിൽ ലഭിച്ച എല്ലാ നന്മകൾക്കും ദൈവത്തോട് നന്ദിയുള്ളവരായിരിക്കാം.

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
കൊച്ചച്ചൻ

*ലേഖനം*

# പടവുകൾ താണ്ടിയ പാഠങ്ങൾ



**മഞ്ഞുമ്മൽ ജി എ യു പി സ്കൂളിൽ വിദ്യാഭ്യാസം തുടങ്ങി ഉന്നത പഠനങ്ങളിലൂടെ, ഇന്ത്യൻ ആണവശക്തി വകുപ്പിലെ ശാസ്ത്രജ്ഞ സംഘത്തിൽ അംഗമായ ഇടവകാംഗം അഗസ്റ്റിൻ കെ.എ. [Scientific Officer (Rtd.) Department of Atomic Energy] ജീവിത പാഠങ്ങൾ പങ്കുവയ്ക്കുന്നു.**

**ഈ** ലക്കം സ്വസ്തിയിൽ എന്ത് എഴുതണമെന്ന് ആലോചിച്ചു കൊണ്ടിരിക്കുമ്പോഴാണ് കുടുംബ ദിനത്തിൽ വികാരിയച്ചന്റെ വൈകാരികവും അർത്ഥപൂർണമായ പ്രസംഗം കേൾക്കാൻ ഇടയായത്. നമ്മുടെ സഭ കുടുംബദിനമായി ആചരിക്കുന്ന ഈ സമയത്ത് ശാസ്ത്ര സാങ്കേതിക രംഗത്ത് കുടുംബാംഗങ്ങളുടെ സംഭാവനകൾ ചർച്ച ചെയ്യാം. കഴിഞ്ഞ ലേഖനത്തിൽ വിമാനം കണ്ടുപിടിച്ചത് ആരാണെന്ന് ചോദിച്ചാൽ റൈറ്റ് ബ്രദേഴ്സ് ആണെന്ന് എല്ലാവരും പറയും എന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. എന്നാൽ മോട്ടോർ കാർ കണ്ടുപിടിച്ചതാരാണെന്ന് ചോദിച്ചാൽ അങ്ങനെ ഒരു ഒറ്റ ഉത്തരം കിട്ടാൻ ബുദ്ധിമുട്ടാണ്. കാരണം ഒരേസമയത്ത് സമാന്തരമായി പലരും മോട്ടോർ കാർ സാങ്കേതികവിദ്യ കണ്ടുപിടുത്തത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ മോട്ടോർ കാർ പൊതുജനത്തിൽ സ്വീകാര്യത ഉണ്ടാക്കിയത് ആരാണെന്ന് ചോദിച്ചാൽ അതിന് ഒരു ഉത്തരം മാത്രമേ ഉള്ളൂ. ബെർത്ത ബെൻസ്. ആരാണ് ബെർത്ത ബെൻസ്. ഗ്യാസോലൈൻ (Gasoline) ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിൻ സാങ്കേതിക കണ്ടുപിടിച്ചു, അത് നിരത്തിൽ കൂടി ഓടുന്ന മോട്ടോർ വാഹനത്തിൽ പ്രവർത്തിപ്പിക്കാൻ ശ്രമിച്ച സാങ്കേതിക വിദഗ്ദ്ധൻ കാൾ ബെൻസിന്റെ ഭാര്യയാണ് ബെർത്ത ബെൻസ്. പെട്രോൾ ഡീസൽ എന്നീ ദ്രാവകവസ്ഥയിലുള്ള ഇന്ധനത്തിന് പൊതുവായ പേരാണ് ഗ്യാസോലൈൻ.

ആരാണ് കാൾ ബെൻസ്. ഗ്യാസോലൈൻ കൊണ്ടോടുന്ന എൻജിൻ രൂപപ്പെടുത്തി അതുകൊണ്ട് നിരത്തിലോടുന്ന കുതിരവണ്ടിക്ക് പകരമായി ഉപയോഗിക്കാവുന്ന ഒരു വാഹനം സ്വപ്നം കണ്ട ജർമനി സ്വദേശി ആണ് കാൾ ബെൻസ്. രണ്ടാം വയസ്സിൽ പിതാവ് നഷ്ടപ്പെട്ട കാൾ ബെൻസിനെ അമ്മയാണ് വളർത്തി പഠിപ്പിച്ചത്. 19-ാം വയസ്സിൽ മെക്കാനിക്കൽ എൻജിനീയറിങ് കരസ്ഥമാക്കി തന്റെ സ്വപ്ന പദ്ധതി പൂർത്തീകരിക്കാൻ ബിസിനസുകാരനായ ഒരു സുഹൃത്തുമായി

കൂട്ടുചേർന്ന് ഒരു കമ്പനി രൂപീകരിക്കുകയുണ്ടായി. എന്നാൽ ആ കൂട്ടുകാരന് കാൾ ബെൻസന്റെ സ്വപ്ന പദ്ധതിയെ മനസ്സിലാക്കാതെയും ബിസിനസ് ലാഭമുണ്ടാകുന്ന മറ്റു പദ്ധതികളിൽ ആയിരുന്നു താൽപര്യം. കാൾ ബെൻസന്റെ സ്വപ്നങ്ങൾ ഏറ്റവും കൂടുതൽ അടുത്തറിഞ്ഞ ബെർത്ത ബെൻസ് വിവാഹ സമയത്ത് തന്റെ പിതാവിൽ നിന്ന് കിട്ടിയ സ്വത്ത് ഉപയോഗിച്ച് ആ കൂട്ടുകാരന്റെ ഓഹരികൾ എല്ലാം വാങ്ങിക്കൂട്ടി കമ്പനി സ്വന്തമാക്കുകയായിരുന്നു. സ്വന്തം കമ്പനിയിൽ കാൾ ബെൻസിന് കൂടുതൽ സ്വതന്ത്രമായി ജോലി ചെയ്യുവാനും അദ്ദേഹത്തിന്റെ സ്വപ്ന പദ്ധതി പൂർത്തീകരിക്കാനും സാധിച്ചു എന്നാൽ ഗ്യാസോലൈൻ പോലെ പെട്ടെന്ന് കത്തിപിടിക്കുന്നതും പൊട്ടിത്തെറി ഉണ്ടാകാൻ സാധ്യതയുമുള്ള ഇന്ധനത്തിനു മുകളിൽ ഇരുന്ന് യാത്ര ചെയ്യാനോ അങ്ങനെ ഒരു വാഹനം വാങ്ങിക്കാനോ പൊതുജനങ്ങൾ താത്പ്പര്യപ്പെട്ടില്ല. ഇത് അദ്ദേഹത്തിന്റെ കമ്പനിയെ വലിയ കടക്കെണിയിലാക്കി. നിലനിൽപ്പിനുവേണ്ടി മറ്റു സാമ്പത്തിക ഇടപാടുകാരെ കൂടെ ചേർക്കേണ്ടി വന്നു. കമ്പനി ലാഭത്തിലായെങ്കിലും കമ്പനിയുടെ മുഴുവൻ ശ്രദ്ധ ലാഭമുണ്ടാക്കുന്ന മറ്റ് ബിസിനസ്സിലേക്ക് മാറിയപ്പോൾ കാൾബെൻസ് നിരാശനായി. ഇതു മനസ്സിലാക്കി ബെർത്ത ബെൻസിനെ ഭർത്താവ് സ്ഥാപിച്ച കമ്പനിയിൽ നിന്ന് പുറത്തുവരുവാനും, സ്വന്തമായി ഒരു കമ്പനി തുടങ്ങാനും പ്രേരിപ്പിച്ചു. അങ്ങനെ കാൾ ബെൻസ് സ്വന്തമായി സ്ഥാപിച്ച കമ്പനിയിൽ ഭർത്താവിന്റെ പ്രവർത്തികളിൽ ഒപ്പം കൂടെ നിന്ന് ബെർത്ത ജോലി ചെയ്തു. ബെൻസിന്റെ ഗ്യാസോലൈൻ എൻജിൻ മറ്റു പല കാര്യങ്ങൾക്കും വിറ്റഴിക്കപ്പെട്ടുവെങ്കിലും മോട്ടോർ കാർ ജനങ്ങൾക്കു ഭയമായിരുന്നു. തന്റെ പുതിയ കണ്ടുപിടുത്തത്തിന് ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ കാൾ ബെൻസിനു സാധിച്ചില്ല.

ഒരു ദിവസം തന്റെ ഭർത്താവ് എഴുന്നേൽക്കുന്നതിനു മുൻപ് തന്റെ രണ്ടു മക്കളെയും കൂട്ടി ബെർത്ത ബെൻസ്, കാൾ ബെൻസ് വികസിപ്പിച്ചെടുത്ത മോട്ടോർ വാഹനത്തിൽ കയറി 100 കിലോമീറ്റർ അകലെയുള്ള തന്റെ അമ്മയുടെ അടുത്തേക്ക് ഒരു യാത്ര ചെയ്തു. അത് ഒരു വലിയ ചരിത്ര സംഭവമായി മാറി. ഇടയ്ക്ക് കാറിനു കേടുപാടുകൾ വന്നു. ബെർത്ത ശരിയാക്കി. ഇന്ധനം തീർന്നുപോയി. അടുത്തുള്ള മരുന്നു കടകളിൽ നിന്ന് ഇന്ധനത്തിന് തുല്യമായ ദ്രാവകങ്ങൾ വാങ്ങി ഒഴിച്ചു. അവൾ ആ യാത്ര പൂർത്തീകരിച്ചു. കുതിര വണ്ടികൾക്ക് മാത്രം സഞ്ചരിക്കാവുമെന്ന വീഥിയിൽ കൂടി ആയിരുന്നു ആ യാത്ര എന്ന് നാം ഓർക്കണം. അതോടെ പൊതുജനങ്ങൾക്കിടയിൽ ബെൻസ് കണ്ടുപിടിച്ച കുതിരവണ്ടിക്ക് പകരമായ വാഹനം വലിയ അംഗീകാരം നേടി. പിന്നീട് ബെൻസ് കമ്പനിക്ക് തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല.

ഇതേ കാലഘട്ടത്തിൽ തന്നെ ബെൻസ് കമ്പനിയുടെ 100 കിലോ മീറ്റർ അകലെ മറ്റൊരു കാർ കമ്പനി സ്ഥാപിക്കപ്പെട്ടിരുന്നു. ഡൈമിലാർ എന്നായിരുന്നു കമ്പനിയുടെ പേര്. കോട്ടലിലെബ് ഡൈമിലാർ ആയി രുന്നു അതിന്റെ സ്ഥാപകൻ. ഡൈമി ലാറും ബെൻസും പരസ്പരം മത്സ രിച്ചു കാറുകളുടെ വിപണിയിൽ പോരാടിക്കൊണ്ടിരിക്കുമ്പോൾ ഒരു സംഭവം നടന്നു. എമിൽ ജേലിനെക് എന്ന കോടീശ്വരൻ മെഴ്സിഡസ് എന്ന തന്റെ മകൾക്ക് ജന്മദിന സമ്മാനം കൊടുക്കുന്നതിന് വേണ്ടി ഒരു കാർ ഉണ്ടാക്കിക്കൊടുക്കുവാൻ ഡൈമിലാർ കമ്പനിയോട് ആവശ്യ പ്പെട്ടു. ഡൈമിലാർ കമ്പനിയുടെ ഏറ്റവും വലിയ ഡീലറും ബിസി നസ് പാർട്ണറുമായിരുന്ന ജേലി നെക്കിന്റെ ആവശ്യം നിരാകരിക്കാൻ കമ്പനിക്കായില്ല. അവർ ശക്തി കൂടിയ എൻജിൻ സംവിധാനത്തോ ടുകൂടി മെഴ്സിഡസ് എന്ന പേരിൽ ഒരു കാർ ഉണ്ടാക്കി നൽകി. ആ കാർ പിന്നീട് പല കാറോട്ട മത്സര ങ്ങളിലും സമ്മാനം വാങ്ങുകയും പിന്നീട് കമ്പനിയുടെ പേരുതന്നെ മെഴ്സിഡസ് എന്നാകുകയും എന്നാണ് ചരിത്രം.

എന്നാൽ 1914-ൽ ഒന്നാം ലോകമ ഹായുദ്ധം ആരംഭിക്കുകയും എല്ലാ രാജ്യങ്ങളും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് വീഴുകയും, കാർവിപണി വലിയ തകർച്ചയിലും ആയി. അതിൽ നിന്ന് കരകയറാൻ ഈ രണ്ട് കമ്പനികൾ ഒന്നിക്കുകയും പിന്നീട് മെഴ്സിഡസ് ബെൻസ് എന്ന പേരിൽ വലിയ കമ്പനിയായി മാറു കയും ചെയ്തു.

ഇന്ത്യയുടെ മുൻ പ്രസിഡണ്ടായി രുന്നു എ.പി.ജെ. അബ്ദുൾ കലാം. യൂറോപ്യൻ യൂണിയന്റെ ഗോൾഡൻ ജൂബിലി ആഘോഷവേളയിൽ യൂറോപ്യ യൂണിയൻ എം.പി.മാരുടെ സമ്മേളനത്തിൽ പറഞ്ഞ വാക്കുകൾ ഈ സന്ദർഭത്തിൽ വളരെ പ്രസക്ത മാണ് അദ്ദേഹത്തിന്റെ വാക്കുകൾ. “ഹൃദയത്തിൽ നീതിബോധം ഉണ്ടാ കുമ്പോൾ സ്വഭാവത്തിന് സൗന്ദര്യം ഉണ്ടാകും. സ്വഭാവത്തിന് സൗന്ദര്യം ഉണ്ടാകുമ്പോൾ കുടുംബങ്ങളിൽ ഐക്യവും സമാധാനവും ഉണ്ടാകും. കുടുംബങ്ങളിൽ ഐക്യവും സമാധാ നവും ഉണ്ടാകുമ്പോൾ രാജ്യത്ത് സ്വസ്ഥതയും സ്ഥിരതയും ഉണ്ടാകും. രാജ്യത്ത് സ്വസ്ഥതയും സ്ഥിരതയും ഉണ്ടാകുമ്പോൾ ലോകസമാധാനം ഉണ്ടാകും.”

അതുകൊണ്ട് ഓരോ വ്യക്തികളു ടെയും മനസ്സിൽ നാമ്പിട്ടു കുടുംബ ങ്ങളിൽ വളർത്തിയെടുക്കേണ്ട ഒന്നാണ് ലോകസമാധാനം. കുടുംബ ദിനം ആഘോഷിക്കുന്ന നമ്മൾ ലോക സമാധാനത്തിന്റെ വക്താക്കൾ ആവട്ടെ എന്ന് ആശംസിച്ചു കൊണ്ടും ശ്രീ. എ.പി.ജെ. അബ്ദുൽ കലാമിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ഭാഷ യിൽ ആവർത്തിച്ചുകൊണ്ടും ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

നന്ദിയോടെ, **അഗസ്റ്റിൻ കെ.എ.**

***ആണവശക്തി വകുപ്പിൽ മുൻ ഉദ്യോഗസ്ഥനും ഭാഭ ആറ്റമിക് റിസർച്ച് സെന്ററിൽ സയന്റിസ്റ്റ്സ് ടീം അംഗവുമായ ലേഖകൻ മഞ്ഞുമ്മൽ ഇടവക ക്രൈസ്റ്റ് ദ കിംഗ്-ബി ഫാമിലി യൂണിറ്റ് അംഗമാണ്.***

അറിയുക

# വിൽപത്രം തയ്യാറാക്കുമ്പോൾ...

വിൽപത്രം (ഒസ്യത്ത്/മരണ പത്രം) എന്നാൽ അത് എഴുതിവയ്ക്കുന്ന ആളുടെ സ്വത്തുക്കളെ സംബന്ധിച്ച് മരണശേഷം നടപ്പിൽ വരുത്തണമെന്ന് ആഗ്രഹിക്കുന്ന ഉദ്ദേശ്യങ്ങളുടെ നിയമാനുസൃതമായ പ്രഖ്യാപനമാണ് എഴുതിയ ആളുടെ കാലശേഷം മാത്രമേ വിൽപത്രം പ്രയോഗത്തിൽ വരൂ. ഭാര്യയും ഭർത്താവും ചേർന്ന് ഒരു വിൽപത്രം തയ്യാറാക്കുന്നതും നിയമപരമായി സാധുവാണ്.

വിൽപത്രം രജിസ്റ്റർ ചെയ്താൽ അത് നശിപ്പിക്കപ്പെടാനുള്ള സാധ്യത തടയാനാകും. എന്നാൽ വിൽപത്രം എഴുതിയ കാര്യം രഹസ്യമായി സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് അത് ജില്ലാ രജിസ്ട്രാർ ഓഫീസിൽ ഡിപ്പോസിറ്റ് ചെയ്യാം. അപേക്ഷയോടൊപ്പം വിൽപത്രം അടങ്ങിയ കവർ സീൽ ചെയ്ത് ജില്ലാ രജിസ്ട്രറെ ഏൽപിക്കണം. സാക്ഷികളെയും ഹാജരാക്കണം. അത് ഓഫീസ് ലോക്കറിൽ രഹസ്യമായി സൂക്ഷിക്കും.

ആളുടെ കാലശേഷം മരണ സർട്ടിഫിക്കറ്റ് സഹിതം വിൽപത്ര കർത്താവ് ചുമതലപ്പെടുത്തിയ ആൾക്കോ ബന്ധപ്പെട്ട മറ്റാർക്കെങ്കിലുമോ നിയമാനുസൃതമായ അപേക്ഷ സമർപ്പിച്ച് വിൽപത്രം പുറത്തെടുക്കാം. ജില്ലാ രജിസ്ട്രാർ കവർ തുറന്ന് വിൽപത്രം പുറത്തെടുക്കുകയും അപേക്ഷകന്റെ ചെലവിൽ ശരിപ്പകർപ്പ് തയ്യാറാക്കിച്ച് അനുബന്ധ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നു. അപേക്ഷ നൽകിയാൽ വിൽപത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നു. അപേക്ഷ നൽകിയാൽ വിൽപത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നു ലഭിക്കും. അസ്സൽ വിൽപത്രം ജില്ലാ രജിസ്ട്രാർ ഓഫീസിൽ ശാശ്വതമായി സൂക്ഷിക്കപ്പെടും. സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉപയോഗിച്ച് ഒസ്യത്തവകാശികൾക്ക് റവന്യു വകുപ്പിൽ നിന്ന് വസ്തു പോക്കുവരവ് ചെയ്തുകിട്ടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാം.

**അഡ്വ. ഡി. ബി. ബിനു**

(ഹൈക്കോടതി അഭിഭാഷകനും വിവരാവകാശ പ്രവർത്തകനും ജില്ലാ ഉപഭോക്തൃ കമ്മീഷൻ പ്രസിഡന്റുമാണ് ലേഖകൻ)

ചെറുകഥ

# തീരുമാനം



സ്റ്റാൻലി സിമേന്തി

**മാ**ധവൻസാറിനെ കാണാൻ ഗോപി കാത്തിരിക്കുന്നത് ഇതാദ്യമല്ല. വർഷങ്ങൾക്കു മുൻപ് ഇതുപോലൊരു നട്ടുച്ചയ്ക്ക് താനും ഭാര്യയും മക്കളും മാധവൻ സാറിനെ കാത്തിരുന്നത് ഗോപി ഓർത്തുപോയി. അന്ന് മീറ്റിംഗ് കഴിഞ്ഞ് പുറത്തിറങ്ങിയ സാർ തന്നെ കണ്ടില്ലെന്നു നടിച്ച് ഭക്ഷണത്തിനായി പോയതും ഊണും വിശ്രമവും കഴിഞ്ഞ് സാർ വരുന്നത് വരെ താനും ഭാര്യയും കുഞ്ഞുങ്ങളും പൊരിവയറോടെ കാത്തിരുന്നതും എല്ലാം ഇന്നലത്തെപ്പോലെ ഓർക്കുന്നു.

നിരപരാധിയായ തന്നെ കള്ളക്കേസിൽ കുടുക്കിയ വിവരം പറയാനാണ് അന്നു സാറിനെ കണ്ടത്. തുണിമില്ലിലെ കയറ്റിറക്ക് തൊഴിലാളിയായ താൻ ആ യൂണിയൻകാർക്കിടയിലെ ഗ്രൂപ്പ് തർക്കം അടിപിടിയിലെത്തിയതോടെയാണ് ഇടപെട്ടത്. മറ്റുള്ളവർക്കുവേണ്ടി ഇടപെട്ട് നഷ്ടം സംഭവിക്കുന്നത് പലതവണയായി. എങ്കിലും ആർക്കെങ്കിലും തന്നെ ആവശ്യമാണെന്നറിഞ്ഞാൽ ഗോപി സഹായിക്കാൻ തീരുമാനമെടുത്തിരിക്കും.

അച്ഛന്റെ പല തീരുമാനങ്ങളും തെറ്റായിരുന്നു എന്ന് മനസ്സിലായില്ലേ. വൈകീട്ട് കഞ്ഞി കുടിക്കാനിരിക്കുമ്പോൾ മകൾ പറയും. അതുകേട്ട് താൻ കഞ്ഞി കുടിക്കുന്ന കയില് തമാശയ്ക്ക് അവളുടെ നേരെ ഓങ്ങും! അതോടെ വീട്ടിൽ പൊട്ടിച്ചിരിയാകും. ആ സന്തോഷമെല്ലാം മാറുകയാണെന്നറിഞ്ഞത് പിന്നീടാണ്. ഗ്രൂപ്പ് വഴക്ക് മാറ്റാൻ മദ്ധ്യസ്ഥ ചർച്ച കഴിഞ്ഞപ്പോൾ വധശ്രമത്തിന് കേസ് തന്റെ പേരിൽ. വഴക്കിനിടയിൽ പൈപ്പ് കഷണത്തിനടികൊണ്ട സുഹൃത്തിനെ ആശുപത്രിയിൽ കൊണ്ടുപോകാൻ സഹായിച്ചിരുന്നു. അങ്ങനെ തന്റെ ചോരപുരണ്ട കുപ്പായം തെളിവായി, കേസായി, ജോലിപോയി. നിരപരാധിത്വം തെളിയിക്കാൻ മാധവൻ സാറിനേ കഴിയൂ.

പക്ഷേ, അതുവരെ കാണാത്ത മുഖമായിരുന്നു മാധവൻ സാറിന്. മുകളിൽ നിന്നുള്ള സമ്മർദ്ദം കൊണ്ടാവാം, പാവം സാറിനും അതിനു വഴങ്ങേണ്ടി വന്നു. വ്യക്തമായ തെളിവല്ലേ ഗോപീ നിനക്കെതിരെയുള്ളത്. നിരപരാധിയാണെന്ന് വെറുതെ പറഞ്ഞാൽ പോരാ തെളിയിക്കണം. സാറിതു പറഞ്ഞപ്പോൾ കൂടുതൽ കേൾ

ക്കാൻ നിൽക്കാതെ തന്റെ ഭാര്യ മക്കളെയും വിളിച്ച് മുറിക്ക് പുറത്തേക്കു പോയിരുന്നു. വേറെ ഒരു ജോലി.

ഞാ കേസൊക്കെ കഴിയട്ടെ ആലോചിക്കാം. പുറത്തിറങ്ങിയപ്പോൾ മകൾ ചോദിച്ചു. ഈ മാധവൻ സാറിന്റെ അമ്മയ്ക്ക് ബ്ലഡ് നൽകാനല്ലേ അച്ഛൻ അന്ന് പാതിരാത്രി ഓടിയത്... ഒന്നും മിണ്ടിയില്ല...

തനിക്കെതിരെ പോലീസ് നൽകിയ തെളിവുകൾ പരസ്പ്പര വിരുദ്ധമാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടു, അങ്ങനെ കേസൊഴിവായി...

പിന്നെ പാറമടയിൽ ജോലിക്ക് പോയി, കരിങ്കൽചീളുകൊണ്ട് മുറിഞ്ഞ കാലിൽ ബലിക്കറുക പിഴിഞ്ഞ് എണ്ണയുണ്ടാക്കി പുരട്ടുക ഭാര്യയുടെ പതിവായി. പാറമടയിലെ ജോലി പോകാൻ അധികനാളു വേണ്ടി വന്നില്ല, അവർ യൂണിയൻ നേതാക്കൾ മുതലാളിയെ ഭീഷണിപ്പെടുത്തിയിരുന്നു. പിള്ളേരറിയാതെ ഞങ്ങൾ പരസ്പരം നോക്കിയിരുന്ന് പൊട്ടിക്കരഞ്ഞ നാളുകൾ... ഇപ്പോൾ എല്ലാം ഒരു ദുസ്വപ്നം പോലെ തോന്നുന്നു.

വർഷങ്ങൾ കടന്നുപോയി, റേഡിയോളജിസ്റ്റായ മകൾ ജോലി നോക്കുന്ന സർക്കാർ മെഡിക്കൽ കോളേജിലെത്തിയപ്പോഴാണ് പഴയ യൂണിയൻകാരെ കണ്ടത്. മാധവൻ സാറിവിടെ ചികിത്സയിലാണ്. ഭാര്യ ഉപേക്ഷിച്ചുപോയി, മക്കൾ തിരിഞ്ഞു നോക്കാറേയില്ല.

പാവം സാർ...

മകളോട് ചോദിച്ച് വാർഡ് കണ്ടുപിടിച്ചു. പിരിയും മുമ്പ് അവൾ പറഞ്ഞു. അച്ഛനെ അന്ന് കഷ്ടപ്പെടുത്തിയ ആളല്ലേ, ചെല്ല് ചെല്ല്.

ഞാൻ കട ഓങ്ങി... അവൾ പഴയ പോലെ ചിരിച്ചു.

മാധവൻ സാറിന് ഡയാലിസിസാണ് അര കൂടി മണിക്കൂർ കഴിഞ്ഞാൽ കാണാം. അങ്ങനെയാണ് വീണ്ടും സാറിനെ കാണാൻ ഞങ്ങൾ. ഞാനും ഭാര്യയും കാത്തിരുന്നത്.

ഒടുവിൽ നഴ്സിന്റെ അനുവാദം വാങ്ങി അകത്തുകയറി, സാറിന്റെ കണ്ണുമങ്ങിയിരുന്നു. മെല്ലിച്ച് അവശമായ രൂപം, സംസാരിക്കാൻ പോലും ശക്തിയില്ല. സാറേ ഞാൻ ഗോപി, സാറൊന്നു സൂക്ഷിച്ചു നോക്കി. പിന്നെ വിതുമ്പി കരച്ചിലായിരുന്നു.

ഭാര്യ അതു കാണാതിരിക്കാനാവാം പുറത്തേക്ക് പോയി, തിരികെ ഒരു മൊന്തയിൽ ചായയുമായാണ് അവൾ വന്നത്...

ചായ കൊടുത്തപ്പോൾ സാറ് സ്വാദോടെ കുടിക്കുന്നതു കണ്ടു.

ചൂടാറ്റി ചായ പകർന്നു നൽകുന്നതിനിടെ, കത്തിനിന്ന സൂര്യൻ കടലിലേക്കെന്ന പോലെ സാറ് എന്റെ നെഞ്ചിലേക്ക് ചാഞ്ഞു. ●

# ഒരുങ്ങാം ജൂബിലി വർഷത്തിനായി

രണ്ടായിരമാണ്ടിനുശേഷം കാൽ നൂറ്റാണ്ടു തികയ്ക്കുന്ന 2025, ജൂബിലി വർഷമായാണ് കത്തോലിക്ക സഭ ആചരിക്കുന്നത്. "പ്രത്യാശയുടെ തീർത്ഥാടകർ" എന്നതാണ് ജൂബിലി വർഷത്തിന്റെ മുദ്രാവാക്യം. ലോകജനതയെ മുഴുവൻ തീർത്ഥാടകരായി കാണുന്ന കത്തോലിക്കാ സഭയുടെ സാർവത്രികത്വം ജൂബിലി വർഷാചരണം ലക്ഷ്യം വയ്ക്കുന്നു. ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്ന പ്രാർത്ഥന ലോകത്തെ എല്ലാ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടു എന്ന് ഉറപ്പാക്കുക ഈ വർഷത്തിന്റെ പല നിയോഗങ്ങളിൽ സുപ്രധാനമാണ്.

ജൂബിലി ഒരുക്കത്തിന്റെ ഭാഗമായി, പ്രാർത്ഥനയുടെ വർഷമായി 2024 ആചരിക്കണമെന്ന് പോപ് ഫ്രാൻസീസ് ആഹ്വാനം ചെയ്യുന്നു.

"ദീപനാളം പോലെ എന്റെ പ്രത്യാശ പ്രോജ്വലിക്കുന്നു." എന്നു തുടങ്ങുന്ന ജൂബിലിഗാനം ഇതിനകം പ്രകാശനം ചെയ്തു കഴിഞ്ഞു. സ്വാതന്ത്ര്യത്തിന്റെയും പിന്തുണയുടെയും ഊർജമുൾക്കൊള്ളുന്ന ഗാനം എന്ന് ഈ ഗീതം പേരുനേടിയിട്ടുണ്ട്.



# ഒറീസയിലെ രക്തസാക്ഷികൾ ദൈവദാസർ

ഒറീസയിൽ 2008-ൽ നടന്ന കലാപത്തിൽ കൊല്ലപ്പെട്ട ക്രിസ്തീയ വിശ്വാസികളെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്ക് വത്തിക്കാൻ അനുമതി നൽകി. കാന്ധമാലിൽനടന്ന ആക്രമണത്തിൽ 24 പുരുഷന്മാരും 11 സ്ത്രീകളുമാണ് അന്ന് കൊല്ലപ്പെട്ടത്.

കട്ടക്ക്-ഭുവനേശ്വർ ആർച്ച് ബിഷപ്പ് ജോൺ ബർവയുടെ നേതൃത്വത്തിലാണ് കാന്ധമാലിലെ രക്തസാക്ഷികളെ വിശുദ്ധരാക്കാനുള്ള നിർദ്ദേശം സമർപ്പിച്ചത്. ആദ്യഘട്ടത്തിൽ ദൈവദാസരായി ഇവരെ ഉയർത്തുകയായിരുന്നു. വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്താനുള്ള കണ്ഠേശ്വർ ദിഗൽ, ഫാ. ബർണാർഡ് നിഗൽ എന്നിവരുടെ നേതൃത്വത്തിലുള്ള വിശ്വാസി സമൂഹമാണ് ആക്രമിക്കപ്പെട്ടത്.

## കുടുംബ പ്രേഷിത ശുശ്രൂഷ സംഗമം

വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ 2023 നവംബർ 5-ന് എറണാകുളം പാപ്പാളി ഹാളിൽ വച്ച് സംഘടിപ്പിച്ച കുടുംബ പ്രേഷിത ശുശ്രൂഷ സംഗമത്തിൽ നമ്മുടെ ഇടവകയിൽ നിന്നുള്ള സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

## ഇടവക തിരുനാൾ 2023

ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ 158-ാം ദർശന തിരുനാളിനോടനുബന്ധിച്ചുള്ള ഇടവകധ്യാനം 2023 നവംബർ 20, 21, 22 ദിവസങ്ങളിൽ നടന്നു. വൈകിട്ട് 5.30ന് ദിവ്യബലി, വചനപ്രഘോഷണം, ആരാധന എന്നീ തിരുക്കർമങ്ങൾ ഉണ്ടായിരുന്നു. നവജീവൻ റിട്രീറ്റ് സെന്റർ തോട്ടുവയിലെ ഫാ. വിപിൻ ചൂതംപറമ്പിൽ ധ്യാനം നയിച്ചു.

തുടർന്ന് നവംബർ 23 മുതൽ ഡിസംബർ 1 വരെ വൈകീട്ട് 5.30ന് ദിവ്യബലി, പ്രസംഗം, നൊവേന, തിരിപ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവാദം എന്നീ തിരുക്കർമങ്ങൾ ഉണ്ടായിരുന്നു.

2-12-23 **മതബോധന ദിനം**

വൈകീട്ട് 5.30ന് മാതാവിന്റെ 158-ാം ദർശന തിരുനാളിന് ഫൊറോന വികാരി ഫാ. സക്കറിയാസ് പാവനത്തറ കൊടിയേറ്റി. അന്നേ ദിവസം മതബോധന ദിനമായി ആഘോഷിച്ചു.

3-12-23 **പ്രേഷിത ദിനം**

വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാളാഘോഷം നടത്തി. കുരിശുപള്ളി വരെ പ്രദക്ഷിണം ഉണ്ടായിരുന്നു.

4-12-23 **ഇടവക ദിനം**

5-12-23 **യുവജനദിനം**

6-12-23 **കുടുംബദിനം**

7-12-23 **കർമലീത്താ ദിനം** എന്നിങ്ങനെ ആഘോഷിച്ചു.



# Baptism

19-11-2023

## Nehemiah Anna Goyal

D/o Goyal B Ambattu &
Siya Claris
Sister- Nevaeh Treesa Goyal
Ambattu house



# Baptism

28-12-2023

## Luke Joseph Clint

S/o Clint Jose NJ &
Liya K Gilroy

Nellissery house,
Kodungalloor

Best compliments by
Gilroy Kallarackal
Licy & Rinu



Congratulations

Wedding

**Joseph Xavier**
and
**Neenu**

**08.11.2023**



Congratulations

Wedding

**Antony Neil Luis**
**and**
**Aldia Dcruz**

**30th December 2023**



*Congratulations*

## Wedding

**Sidharth Augustine**
**&**
**Ann Aleyas**

**25.11.2023**



*Congratulations*

## Wedding

**SHEEN ANTONY**
**&**
**CHRISTY JOY**

**14.01.2024**

# 50–ാം വിവാഹ വാർഷികം

**28.01.2024**



## എം.ജെ പീറ്റർ & മോളി പീറ്റർ

മറ്റത്തിത്തറ

ആശംസകളോടെ,
മക്കൾ, മരുമക്കൾ
കൊച്ചുമക്കൾ



# *1st wedding anniversary*

**05.01.2024**

**Adv. Midhun C Thomas**
**&**
**Adv. Swarna Thomas**

**8-12-23 തിരുനാൾ ദിനം**

വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്താ റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ തിരുനാൾ ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിച്ചു.

ഡിസംബർ 7-ന് മുട്ടാർ ഫാത്തിമ മാതാ ദൈവാലയം വരെയും ഡിസംബർ 8-ന് കുരിശുപള്ളിവരെയും മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഉണ്ടായിരുന്നു.

9-12-23 മുതൽ 13-12-23 വരെ വൈകീട്ട് 5.30ന് ദിവ്യബലി, പ്രസംഗം.

**14-12-23 പിതൃദിനം**

വൈകീട്ട് 5.30ന് ദിവ്യബലി, പ്രസംഗം. മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം. (ചേരാനെല്ലൂർ കടവ് വരെ).

15-12-23 **എട്ടാമിടം മാതൃദിനം** വൈകീട്ട് 5.30ന് ദിവ്യബലി, പ്രസംഗം. തുടർന്ന്, കൊടിയിറക്കം.

## തിരുനാൾ കാഴ്ചകൾ







തിരുനാളിനോടനുബന്ധിച്ച് 2-12-23-ൽ രാത്രി 7.30ന് കൊച്ചിൻ കലാവേദി സംഘടിപ്പിച്ച മെഗാഷോ ഏറെ ഹൃദ്യവും നയനാനന്ദകരവുമായിരുന്നു. ഡിസംബർ 6-ാം തീയതി രാത്രി 7.30ന് സിയോൺ ലൈറ്റ് & സൗണ്ട് ഒരുക്കിയ ലൈറ്റ് & സൗണ്ട് ഷോ കണ്ണിനും കാതിനും കുളിർമയേകി. ഡിസംബർ 8 രാത്രി 7.30ന് കെടാമംഗലം മേളപ്പൊലിമ അവതരിപ്പിച്ച വയലിൻ ഫ്യൂഷൻ ഇടവക ജനങ്ങളെയും നാട്ടുകാരെയും സന്തോഷത്തിന്റെ പാരമ്യത്തിലെത്തിച്ചു. നവംബർ 23 മുതൽ ഡിസംബർ 1 വരെയുള്ള ദിവസങ്ങളിൽ നേർച്ചകഞ്ഞി വിതരണം ചെയ്യുന്നതിനുള്ള സ്പോൺസർഷിപ്പ് ഓരോ വ്യക്തികളും ഏറ്റെടുത്ത് നടത്തുകയായിരുന്നു. തിരുനാൾ പ്രസുദേന്തി ജോസഫ് ബർണ്ണാഡ് കളപ്പുരയ്ക്കൽ ആയിരുന്നു. തിരുനാൾ ഭക്തിപൂർവ്വം നടത്താൻ സഹായിച്ച ഏവർക്കും അഭിനന്ദനങ്ങൾ...!!!








# തിരുനാൾ കാഴ്ചകൾ









## 2024-ാം ആണ്ട് അമലോത്ഭവ മാതാവിന്റെ 159-ാമത് ദർശന തിരുനാൾ പ്രസുദേന്തി



മഞ്ഞുമ്മൽ ആശ്രമ ദേവാലയത്തിലെ 2024-ാം ആണ്ട് അമലോത്ഭവ മാതാവിന്റെ വനിതകൾ നേതൃത്വം നൽകുന്ന 159-ാമത് ദർശന തിരുനാളിന്റെ പ്രസുദേന്തി യായി തെരഞ്ഞെടുക്കപ്പെട്ട മരിയാംബിക ഫാമിലി യൂണിറ്റ് അംഗം പുളിമൂട്ടിൽ **ഫിലോമിന നോർബർട്ട് ഗാമ**

## ജൂബിലി സംഗമം

വരാപ്പുഴ അതിരൂപത കുടുംബ വിശുദ്ധീകരണ വർഷത്തോടനുബന്ധിച്ച് 2023 ഡിസംബർ 10 ഞായറാഴ്ച എറണാകുളം പാപ്പാളി ഹാളിൽ വച്ച് നടന്ന ജൂബിലി ദമ്പതി സംഗമത്തിന് വിവാഹത്തിന്റെ 25 ഉം 50 ഉം വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികൾ പങ്കെടുത്തു.

## ആദരിച്ചു

2023 ഡിസംബർ 31 ഞായറാഴ്ച ഇടവകയിൽ വിവാഹത്തിന്റെ 25-ഉം 50-ഉം വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികൾക്കായി രാവിലെ 9ന് ദിവ്യബലിയർപ്പിക്കുകയും ദമ്പതികളുടെ വിവാഹവ്രതനവീകരണം നടത്തുകയും ദമ്പതികളെ ആദരിക്കുകയും ചെയ്തു.





സ്വസ്തിയുടെയും കേന്ദ്രസമിതിയുടെയും നേതൃത്വത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച ജോൺ ഹ്യൂബർട്ടിനും ബിഗിന ജെയ്സണും ഫാ. ഡാനി ആന്റണി ഒ.സി.ഡി. സമ്മാനം നൽകി ആദരിച്ചു. ഇരുവരും സെന്റ് ആന്റണി എ യൂണിറ്റ് അംഗങ്ങളാണ്.

## ക്രിസ്തുമസ് അഗാപ്പേ 2023

വരാപ്പുഴ അതിരൂപത മെത്രാസന മന്ദിരത്തിൽ വച്ച് 20-12-2023 വൈകീട്ട് 4 മണിക്ക് നടന്ന ക്രിസ്തുമസ്സ് അഗാപ്പെയിൽ നമ്മുടെ ഇടവക യിൽ നിന്നുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നു. ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ബി.സി.സി. ഡയറക്ടർ യേശുദാസ് പഴമ്പിള്ളി സന്നിഹിതനായിരുന്നു.

## ക്രിസ്തുമസ് ട്രീ മത്സര വിജയികൾ

ക്രിസ്തുമസിനോടനുബന്ധിച്ച് മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയിൽ നടത്തിയ ക്രിസ്തുമസ് ട്രീ മത്സരത്തിൽ താഴെപ്പറയുന്ന യൂണി റ്റുകൾ സമ്മാനം കരസ്ഥമാക്കി.

**ഹോളി സ്പിരിറ്റ് ഫാമിലി യൂണിറ്റ് - ഒന്നാം സ്ഥാനം**
**ഡോൺ ബോസ്കോ ഫാമിലി യൂണിറ്റ് - രണ്ടാം സ്ഥാനം**
**വിമലാംബിക ബി ഫാമിലി യൂണിറ്റ് - മൂന്നാം സ്ഥാനം** കരസ്ഥമാക്കി.

ഈ മൂന്ന് യൂണിറ്റുകൾക്കും ഇടവകയുടെ അഭിനന്ദനങ്ങൾ അതോടൊപ്പം പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും പ്രത്യേകം നന്ദിയും അറിയിക്കുന്നു

ക്രിസ്തുമസിനോടനുബനിധിച്ച് അഗസ്റ്റിൻ ചേട്ടന്റെ നേതൃത്വത്തിൽ മനോഹരമായി പുൽക്കൂട് ഒരുക്കിയിരുന്നു. തുടർന്ന് ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. കേക്ക് മുറിച്ച് ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചു.

## തിരുനാൾ സംഭാവന



2024-ലെ ഫാത്തിമ മാതാവിന്റെയും വി. യൂദാ തദേവൂസിന്റെയും തിരുനാളിന് പ്രസുദേന്തിമാരിൽ ഒരാളായ ശ്രീ. M. T. പോൾ മഠത്തിപറമ്പിലിന്റെ കൈയിൽ നിന്നും ആദ്യത്തെ സംഭാവന 5000/- രൂപ തിരുനാൾ കമ്മറ്റി കൺവീനർ ശ്രീ. ഫിർമൂസ് (ബിജു) ഉഴുന്നുകാട്ടിലും, പ്രവർത്തകസമിതി ലീഡർ ശ്രീ. ജോജോ മൂഞ്ഞപ്പിള്ളിയും ചേർന്ന് സ്വീകരി ക്കുന്നു.

## പ്രകാശനം ചെയ്തു



2023 പരിശുദ്ധ അമലോത്ഭവ മാതാവിന്റെ ദർശന തിരുനാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണിക ഡിസംബർ 15-ന് വരാപ്പുഴ അതിരൂപത ജുഡീഷ്യൽ വികാർ ഫാ. ജോസഫ് ലിക്സൻ അസ്‌വൂസ് പ്രസുദേന്തി ശ്രീ. ജോസഫ് ബർണാഡ് കളപ്പുരയ്ക്കലിന് ആദ്യകോപ്പി നൽകികൊണ്ട് പ്രകാശനം ചെയ്തു.

## ന്യൂഇയർ 2024

ഡിസംബർ 31 രാത്രി 11.30ന് ഇടവക ദേവാലയത്തിൽ ആരാധനയും തുടർന്ന് ദിവ്യബലിയും ഉണ്ടായിരുന്നു. അസി.വികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി. മുഖ്യ കാർമികനായിരുന്നു. വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. അനുഗ്രഹപ്രഭാഷണം നടത്തി. ദിവ്യബലിയെ തുടർന്ന് വൈദികർ ഇടവക ജനങ്ങൾക്ക് നാണയം കൈ നീട്ടമായി നൽകി. വരാപ്പുഴ അതിരൂപത 2024 യുവജനവർഷത്തിന്റെ ലോഗോ സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി. പ്രകാശനം ചെയ്തു.

തുടർന്ന് കാർമൽ യൂത്ത് അവസതരിപ്പിച്ച ഡാൻസും വർണക്കാഴ്ചയും ഉണ്ടായിരുന്നു.

## അഭിനന്ദനങ്ങൾ



ബംഗാളിൽ നടന്ന ദേശീയ യോഗ ചാംപ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു രണ്ടാം സ്ഥാനം നേടിയ കൊച്ചുറാണി പീറ്റർ. മഞ്ഞുമ്മൽ മേയ കുടുംബ യൂണിറ്റ് അംഗം **കൊച്ചു റാണി പീറ്ററിന്** മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ...!

## മതബോധന വാർഷികം 'അമല 2023'

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക മതബോധന വിഭാഗത്തിന്റെ2023 24 വർഷത്തെ വാർഷികം 'അമല 2023' നവംബർ 19 ഞായറാഴ്ച വൈകീട്ട് 5.15-ന് കാർമൽ ഹാളിൽ വച്ച് വിവിധ പരിപാടികളോടെ ആഘോഷിച്ചു.

റവ. ഫാ. വിനു ജോസഫ് ഒ.സി.ഡി. ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഇടവക വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ഹെഡ്മാസ്റ്റർ ആന്റണി രാജു സ്വാഗതം ആശംസിക്കുകയും സെക്രട്ടറി മനു സിറിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. റവ. ഫാ. ഡൊമിനിക്ക് കാനപ്പിള്ളി, റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി., ജോസ് ഡിക്സൻ, വർഗ്ഗീസ് പുളിക്കൽ, ബിനു ജോസഫ് എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന്, മതബോധന വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ വേദിയിൽ അരങ്ങേറുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ലിബിൻ ആന്റണിയുടെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.



## ക്രിസ്തുരാജത്വ തിരുനാൾ ആഘോഷിച്ചു

മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ 26.11.2023 ന്, 7.30 am ദിവ്യബലിയോടുകൂടി ക്രിസ്തുരാജന്റെ രാജത്വ തിരുനാൾ ആഘോഷിച്ചു. ശേഷം ക്രിസ്തുരാജന്റെ റാലി നടത്തി.



## ക്രിസ്തുമസ് 2023

ഇടവകയിൽ ക്രിസ്തുമസ് ദിനത്തിലെ പാതിര കുർബാനയ്ക്ക് മത ബോധനവിഭാഗം നേതൃത്വം നൽകി.

മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 24 രാത്രി ദിവ്യബലിക്കു മുൻപായി ഗ്ലോറിയ 2023 അവതരിപ്പിച്ചു. ഇരുപതോളം കുട്ടികൾ പങ്കെടുത്തു. പതിമൂന്നാം ക്ലാസ്സിന്റെ നേതൃത്വത്തിൽ വട്ടക്കല്ലിൽ ദീപാലങ്കാരങ്ങൾ നടത്തി.





## അഭിനന്ദനങ്ങൾ



സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംഘഗാന ത്തിനും ദേശഭക്തിഗാനത്തിനും എ ഗ്രേഡ് നേടിയ സംഘാംഗമായ **ജൊആൻ മരിയ റോയ്.** മേയ യൂണി റ്റിലെ വേലശ്ശേരി റോയിയുടെയും ഷൈനിയുടെയും മകളും മതബോധന ക്ലാസ്സ് 11 ബി വിദ്യാർത്ഥിയുമായ ജൊആനിന് ഇടവകയുടെ അഭിനന്ദനങ്ങൾ...!



അതിരൂപത തലത്തിൽ നടത്തിയ 'ഉണ്ണീശോയ്ക്ക് ഒരു കത്ത്' മത്സര ത്തിൽ രണ്ടാം സ്ഥാനം നേടിയ മത ബോധന വിഭാഗത്തിൽ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന **സൂസന്ന ക്ലയർ ജോൺ.** സെന്റ് ആന്റണി ഫാമിലി യൂണിറ്റ് അംഗം ജോൺ ഹ്യൂബർട്ടിന്റെയും ഷിബിയു ടെയും മകളാണ്. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ...!

## യുവജന വാർത്തകൾ

തിരുനാളിനോടനുബന്ധിച്ച് ഡിസംബർ അഞ്ചാം തീയതി കാർമൽ യൂത്തിന്റെ നേതൃത്വ ത്തിൽ യുവജന ദിനമായി ആചരിച്ചു.



യുവജനങ്ങൾ വികാരിയച്ചനോടും കൊച്ചച്ചനോടുമൊപ്പം







തിരുനാൾ ദിനങ്ങളിൽ കാർമൽ യൂത്ത് ഒരുക്കിയ വിവിധ ഗെയിമുകളും അമ്യൂസ്മെന്റ് പാർക്കും

ഡിസംബർ 24 ന് രാവിലെ യുവജനങ്ങൾ ക്രിസ്തുമസ് സെലിബ്രേഷൻ നടത്തി.

ഡിസംബർ 31 രാത്രി ദേവാലയ തിരുകർമങ്ങൾക്കു ശേഷം വരാപ്പുഴ അതിരൂപത 2024 യുവജനവർഷത്തിന്റെ ലോഗോ സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി. പ്രകാശനം ചെയ്തു. തുടർന്ന്, കാർമ്മൽ യൂത്ത് അവതരിപ്പിച്ച ഡാൻസും വർണക്കാഴ്ചയും ഉണ്ടായിരുന്നു.

## അഭിനന്ദനങ്ങൾ



കേരള സ്റ്റേറ്റ് സ്കൂൾ പവർ ലിഫ്റ്റിംങ് ചാമ്പ്യൻ ഷിപ്പിൽ വെള്ളി മെഡൽ കരസ്ഥമാക്കി, അഭിമാനനേട്ടം കൈവരിച്ച **ആവ്റിൻ ഡിക്രൂസ് മഞ്ചാടിപ്പറമ്പിൽ.** ഡോൺ ബോസ്കോ യൂണിറ്റിലെ ജോൺസൺ ഡിക്രൂസിന്റെയും ലൻസി ഡിക്രൂസിന്റെയും മകളാണ് ആവ്റിൻ ഡിക്രൂസ്. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ...!

## അഭിനന്ദനങ്ങൾ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ആൽഫ്രഡ് ക്രിസ്റ്റീൻ പി.എൽ. അഭിനയിച്ച നാടകത്തിന് ഫസ്റ്റും എ ഗ്രേഡും ലഭിച്ചു. മദർ തെരേസ യൂണിറ്റ് ലീനസ് ബൈജു പള്ളിപ്പറമ്പിലിന്റെയും നിഷയുടെയും മകനാണ്. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ...!



സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.



## നവാതിഥികൾ

1) **ജോഹാൻ ജെറി**
S/o ഒന്നപ്പിള്ളി ജെറി ജേക്കബ് & അലീന ജെറി

2) **എഫ്രിൻ ജോജോ**
S/o കുഴിയത്ത് ജോജോ ജോർജ് & അനയ ജോജോ

3) **നെഹെമിയ അന്ന ഗോയൽ**
D/o ഗോയൽ B. അമ്പാട്ട് & സിയ ക്ലാരിസ്

4) **ഇസാക്ക് ജോ വിപിൻ**
S/o കുഴിയത്ത് വിപിൻ പോൾ & അനീറ്റ വിപിൻ

5) **റൂത്ത് റാഹേൽ രോഹിത്ത്**
D/o എട്ടുങ്കൽ രോഹിത്ത് & സിസിലി മരിയ

6) **നെൽഗ മരിയ**
D/o കളത്തിപ്പറമ്പിൽ ആൻസൻ സേവ്യർ & ജൂണി ലോറൻസ്

7) **ലൂക്ക് ജോസഫ് ക്ലിന്റ്**
S/o നെല്ലിശ്ശേരി ക്ലിന്റ് ജോസ് & ലിയ K. ഗിൽറോയ്

## ഒന്നായവർ



1) വെള്ളേപ്പറമ്പിൽ **ജോസഫ് സേവ്യർ** &
പുളിക്കത്തറ **നീനു സെലിൻ**

2) പയ്യപ്പിള്ളി സിദ്ധാർത്ഥ് **ഗോർബി അഗസ്റ്റിൻ** &
സ്രാമ്പിക്കൽ പുത്തൻപുരയിൽ **ആൻ എബ്രഹാം**

3) ചെറുപുനത്തിൽ **ആന്റണി നീൽ ലൂയിസ്** &
മഞ്ചാടിപ്പറമ്പിൽ **ആൽഡിയ ഡിക്രൂസ്**


# നിത്യതയിലേക്ക്



**വിൻസെന്റ്**
ശീവേലി



**ജോൺസൺ**
കടവിൽ



**വക്കച്ചൻ ജോയി**
മറ്റത്തിത്തറ



**എഫ്രായിം ജോസഫ്**
പള്ളിഞ്ഞാലിൽ



**തോമസ്**
മുരിയംകുളം



**ജോസഫ്**
കടവിൽ



**ചിന്ന ജോസഫ്**
കടവിൽ



**ലോറൻസ്**
പള്ളിപ്പറമ്പിൽ



**ലാസർ ബാബു**
ചിറക്കൽ



**ട്രീസ സേവ്യർ**
ആഞ്ഞിലിക്കാട്



**എൽബി സെബിൻ**
പുളിമൂട്ടിൽ



**ഷീല ജേക്കബ്**
തുണ്ടിപ്പറമ്പിൽ



റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ
കണക്കശ്ശേരി ഒ സി ഡി

# അഭിനന്ദനങ്ങൾ...

"യുവജനങ്ങളിലെ സുവിശേഷവൽക്കരണം ഭാരതീയ സാഹചര്യത്തിൽ" എന്ന കാലികപ്രസക്തമായ വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ വികാരി റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി ക്ക് അഭിനന്ദനങ്ങൾ. 'ക്രിസ്തു ജീവിക്കുന്നു' എന്ന ഫ്രാൻസീസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനം ആസ്പദമാക്കിയാണ് ഗവേഷണ ബിരുദം. യുവജന വർഷത്തിൽ, ഇടവക വികാരിയുടെ തിരക്കേറിയ ദൗത്യത്തിനിടെ ഡോക്ടറേറ്റ് ലഭിച്ചതും അസുലഭ നേട്ടമായി.



# ആശംസകൾ...



മഞ്ഞുമ്മൽ അമലോൽഭവ മാതാ ഇടവകയിലെ വിവാഹത്തിന്റെ
50 ഉം 25 ഉംവർഷം പൂർത്തിയാക്കിയ ദമ്പതികൾ
വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി, സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി,
ഫാ. ജോൺസൺ ലൂയിസ് ഒ.സി.ഡി എന്നിവർക്കൊപ്പം



ഇന്ത്യയിലെ പ്രഥമ ധ്യാനകേന്ദ്രമായ
മഞ്ഞുമ്മൽ CRC യുടെ നേതൃത്വത്തിൽ

# 55-ാമത് മഞ്ഞുമ്മൽ സുവിശേഷ മഹോത്സവം

## (ബൈബിൾ കൺവെൻഷൻ)

**2024 ഏപ്രിൽ 19 വെള്ളി മുതൽ 23 ചൊവ്വ വരെ**
**വൈകിട്ട് 4.00 മുതൽ 9.30 വരെ**

മഞ്ഞുമ്മൽ അമലോത്ഭവമാതാ ദേവാലയാങ്കണത്തിൽ

**കേരളത്തിലെ പ്രമുഖ പിതാക്കന്മാരും ധ്യാനഗുരുക്കന്മാരും നയിക്കുന്നു**



മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
വരാപ്പുഴ അതിരൂപത മെത്രാൻ



റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ
കോട്ടപ്പുറം രൂപത മെത്രാൻ



വെരി റവ.ഡോ. ഫാ. അഗസ്റ്റിൻ മുല്ലൂർ OCD
പ്രൊവിൻഷ്യാൾ



റവ.ഫാ. റാഫസൺ OCD



റവ.ഫാ. ബിജിൽ ചക്യാത്ത് MSFS



റവ. ഫാ. പൗലോസ് പാറേക്കര



റവ.ഫാ. ജിൻസ് ചീൻകല്ലേൽ



റവ. ഡോ. ഫാ. പ്രസാദ് തെരുവത്ത് OCD



റവ.ഫാ. നെൽസൺ ജോബ് OCD



റവ.ഫാ. ആൻഡ്രൂസ് പുത്തൻപറമ്പിൽ OCD



Sr. ലിസ്യ തെരേസ

## ജപമാല, കരുണകൊന്ത, പ. കുർബാന, വചന പ്രഘോഷണം, ആരാധന, സ്നേഹ വിരുന്ന്

## മഞ്ഞുമ്മൽ CRC - Contact: 9633 939739

റവ.ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര OCD
ഡയറക്ടർ CRC
8281 254 255

റവ.ഫാ. ആന്റണി കവുങ്ങുവളപ്പിൽ OCD
ജനറൽ കൺവീനർ
8943 536 275

ശ്രീ. ബിനു ജോസഫ് കണക്കംപറമ്പിൽ
കൺവീനർ
9995 120 807

- ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുന്നവർക്ക് യാത്രാ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
- വാട്സപ്പിലൂടെയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് : 9633 939 739, 8281 2542 255